## കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ,തൃശ്ശൂർ ജില്ല

**പ്രവചന കാലയളവ് 02.09.2023 മുതൽ 06.09.2023 വരെ**

**വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ**
**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും**
**ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്**

| എ എ എസ് ബുള്ളറ്റിൻ നമ്പർ 35/2023, (70) വെള്ളിയാഴ്ച | തീയ്യതി 01/09/2023 |
|---|---|

| കഴിഞ്ഞആഴ്ചയിൽ അനുഭവപ്പെട്ട കാലാവസ്ഥ (2023 ഓഗസ്ററ് 26 മുതൽ സെപ്റ്റംബർ 01 വരെ) | | | | | | | കാലാവസ്ഥാ ഘടകങ്ങൾ | | കാലാവസ്ഥാ പ്രവചനം (2023 സെപ്റ്റംബർ 02 മുതൽ സെപ്റ്റംബർ 06 വരെ) | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 26/08 | 27/08 | 28/08 | 29/08 | 30/08 | 31/08 | 01/09 | തീയ്യതി | | 02/09 | 03/09 | 04/09 | 05/09 | 06/09 |
| 0.0 | 0.0 | 0.0 | 0.0 | 0.0 | 0.0 | 0.0 | മഴ (മില്ലീമീറ്റർ) | | 2 | 1 | 0.5 | 3 | 3 |
| 33.0 | 33.0 | 32.6 | 32.9 | 33.0 | 33.4 | 33.3 | ഉയർന്ന താപനില (°C) | | 33 | 33 | 33 | 33 | 33 |
| 23.7 | 23.9 | 24.2 | 24.1 | 25.6 | 25.0 | 24.7 | കുറഞ്ഞ താപനില (°C) | | 25 | 25 | 25 | 25 | 24 |
| Cloudy | Partially cloudy | Cloudy | Cloudy | Cloudy | Cloudy | Partially cloudy | AM | മേഘ വ്യാപ്തി (ഒക്ടാ) | Cloudy | Cloudy | Cloudy | Partially cloudy | Cloudy |
| Partially cloudy | Cloudy | Cloudy | Cloudy | Cloudy | Overcast | | PM | | | | | | |
| 93 | 95 | 92 | 96 | 90 | 90 | 86 | കൂടിയ അന്തരീക്ഷ ആർദ്രത (%) | | 80 | 80 | 80 | 80 | 80 |
| 59 | 63 | 57 | 63 | 57 | 63 | | കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | | 70 | 70 | 70 | 70 | 70 |
| 1.4 | 1.3 | 0.9 | 1.6 | 2.6 | 2.2 | 2.2 | കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | | 5 | 5 | 5 | 5 | 5 |
| C | C | C | SSW | SSW | C | C | AM | കാറ്റിന്റെ ദിശ (ഡിഗ്രി ) | WSW | WSW | WSW | WSW | WSW |
| WSW | NNE | WSW | SSW | NW | NNW | | PM | | | | | | |

| കഴിഞ്ഞ ആഴ്ച്ചയിലെ മഴ (മില്ലീമീറ്റർ) | 01/01/2023 മുതൽ ഇന്നുവരെയുള്ള മഴ (മില്ലീമീറ്റർ) | 01/06/23 മുതൽ ഇന്നുവരെയുള്ള മഴ (മില്ലീമീറ്റർ) |
|---|---|---|
| 0.0 | 1102.3 | 968.9 |

കാലാവസ്ഥാ അറിയിപ്പ്: IMD യുടെ പ്രവചനപ്രകാരം ജില്ലയിൽ ഒറ്റപ്പെട്ട സ്ഥലങ്ങളിൽ വളരെ നേരിയ തോതിൽ മഴയ്ക്കു സാധ്യത. കേരളത്തിൽ ശരാശരിയേക്കാൾ കുറവ് മഴ ലഭിക്കാൻ സാധ്യത.

3. വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും **(Thrissur District)**

പൊതുനിർദേശങ്ങൾ: കാർഷികവിളകളിൽ രോഗകീടങ്ങളുടെ ആക്രമണം നിയന്ത്രിക്കുന്നതിനായി മുൻകരുതലുകൾ സ്വീകരിക്കേണ്ടതാണ്. മണ്ണിന്റെ ഈർപ്പം സംരക്ഷിക്കാൻ ശരിയായ പുതയിടൽ രീതി അവലംബിക്കാവുന്നതാണ്.

| വിളകൾ | രോഗ-കീടങ്ങൾ | കാർഷിക / മൃഗസംരക്ഷണ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് –വിരിപ്പ് (കതിരു വരുന്ന പരുവം) | ഇലപ്പേൻ | നെല്ലിൽ ഇലപ്പേനിനെ കാണാൻ സാധ്യതയുണ്ട്. ഇതിനെ നിയന്ത്രിക്കുന്നതിനായി 2 ഗ്രാം തയാമെത്തോക്സാം 10 ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. |
| തെങ്ങ് | - | തെങ്ങിൻ തടങ്ങളിൽ ഈർപ്പം നിലനിർത്തുന്നതിനായി പച്ചയോ, ഉണങ്ങിയതോ ആയ ചകിരി ഇട്ടു മൂടുന്നത് നല്ലതാണ്. തെങ്ങിന്റെ ചുവട്ടിൽ നിന്ന് മൂന്നു മീറ്റർ അകലത്തിൽ വരികൾക്കിടയിൽ ചാലു കീറിയോ, ഓരോ തെങ്ങിന്റെ കടക്കുചുറ്റും തടിയിൽ നിന്നും രണ്ടു മീറ്റർ അകലത്തിൽ വട്ടത്തിൽ ചാലുകൾ എടുത്തോ, അതിൽ ചകിരികൾ നിരത്തിയശേഷം മണ്ണിട്ട് മൂടാം. ചകിരിയുടെ കുഴിഞ്ഞ ഉൾഭാഗം മുകളിലേക്ക് വരത്തക്കവിധത്തിലാണ് ചകിരി ചാലുകളിൽ അടുക്കേണ്ടത്. ഇതിനു മുകളിൽ മണ്ണിട്ട് മൂടണം. ചകിരി അടുക്കുന്നതുകൊണ്ടുള്ള ഗുണം 5 - 7 വർഷക്കാലം നിലനിൽക്കും .ചകിരിക്കു പകരം ചകിരിച്ചോറ് തെങ്ങൊന്നിന് 25 കിലോഗ്രാം എന്ന തോതിൽ ഓരോ വർഷവും തടത്തിലിട്ടു മൂടുന്നതും ഈർപ്പം സംരക്ഷിക്കാൻ സഹായിക്കും. . |
| കുരുമുളക് | - | കുരുമുളക് തടത്തിൽ ഉണങ്ങിയ ഇലകൾ ഇട്ടു പുതയിടുന്നത് ഈർപ്പം നിലനിർത്താൻ സഹായിക്കും. |

മൃഗസംരക്ഷണം:-. തൊഴുത്തിലും മേച്ചിൽ സ്ഥലങ്ങളിലും കുടിക്കാൻ ശുദ്ധജല ലഭ്യത ഉറപ്പു വരുത്തുക. മൃഗാശുപത്രിയിൽ ചാണക സാമ്പിൾ സൂക്ഷ്മ പരിശോധനക്ക് വിധേയമാക്കിയതിനു ശേഷം ആവശ്യമെങ്കിൽ മാത്രം വെറ്റിനറി ഡോക്ടറുടെ നിർദ്ദേശ പ്രകാരം വിരക്കുള്ള മരുന്നു നൽകുക. (CAADECCS KVASU, Mannuthy).